പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം.1894 06/02/2019-ൽ മറുപടിയ്ക്ക്

## നാട്പാക്ക് ഡയറക്ടർ നിയമനം

| | ചോദ്യം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ഉത്തരം<br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരം ഏറ്റെടുത്തതിനു ശേഷം സംസ്ഥാന ശാസ്ത്ര സാങ്കേതിക വകുപ്പിന് കീഴിലുള്ള സ്ഥാപനമായ നാട്പാക്കിൽ ഡയറക്ടർ ആയിരുന്ന ഉന്നത വിദ്യാഭ്യാസ യോഗ്യതകൾ ഉണ്ടായിരുന്ന ശ്രീദേവിയെ പ്രസ്തുത സ്ഥാനത്തുനിന്നും മാറ്റുകയും ടെക്നിക്കൽ വിദ്യാഭ്യാസ യോഗ്യതകൾ ഇല്ലാത്ത വ്യക്തിയെ ഡയറക്ടർ ആയി നിയമിക്കുകയും ചെയ്തിട്ടുണ്ടോ; | (എ) | നാട്പാക് ഡയറക്ടറായുള്ള ഡോ.ബി.ജി. ശ്രീദേവിയുടെ നിയമന കാലാവധി നീട്ടിയപ്പോൾ ചട്ടപ്രകാരം പ്രവർത്തന മികവ് പരിശോധിക്കുകയോ, എക്സിക്യൂട്ടീവ് കമ്മിറ്റി/ സംസ്ഥാന കൗൺസിൽ എന്നിവയുടെ ശുപാർശ ലഭിക്കുകയോ ചെയ്യാത്ത സാഹചര്യത്തിൽ വിശദമായ പുനഃപരിശോധനയുടെ അടിസ്ഥാനത്തിൽ നാട്പാക് ഡയറക്ടറായുള്ള ഡോ. ബി.ജി. ശ്രീദേവിയുടെ നിയമനകാലാവധി അവസാനിപ്പിച്ചു. അതിനു ശേഷം ഇതുവരെ നാട്പാക്കിൽ പുതിയ സ്ഥിരം ഡയറക്ടറെ നിയമിച്ചിട്ടില്ല. എന്നാൽ, നിലവിൽ ഡയറക്ടറുടെ ചുമതല നാട്പാക്കിലെ സയന്റിസ്റ്റിനെ ഏൽപ്പിച്ചിട്ടുണ്ട്. |
| (ബി) | ശ്രീദേവിയെ തൽസ്ഥാനത്ത് തുടരുവാൻ അനുവദിച്ചുകൊണ്ടുള്ള ഹൈക്കോടതി വിധി നിലവിലുണ്ടോ; എങ്കിൽ എന്തുകൊണ്ടാണ് പ്രസ്തുത വിധി നടപ്പാക്കുന്നതിൽ സർക്കാർ വൈമുഖ്യം കാണിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | ബഹുമാനപ്പെട്ട കോടതിയുടെ വിധിന്യായം കൗൺസിൽ ചട്ടങ്ങൾക്ക് എതിരായ സാഹചര്യത്തിൽ പ്രസ്തുത വിധിന്യായത്തിനെതിരെ കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള റിട്ട് അപ്പീൽ തീർപ്പാകേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ